**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.195

28-01-2019 ൽ മറുപടിയ്ക്ക്

**ഫയർസ്റ്റേഷനുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സജി ചെറിയാൻ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| എ) | പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഫയർ സ്റ്റേഷനുകൾ നവീകരിച്ച് റസ്ക്യൂ ഓപ്പറേഷനുകൾ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ കുറ്റമറ്റ രീതിയിൽ നടത്തേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ശ്രദ്ധയിൽ വന്നിട്ടുണ്ട്. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഭാവിയിലുണ്ടാകാവുന്ന ദുരന്തങ്ങളെ നേരിടാൻ വകുപ്പിനെ ശാക്തീകരിക്കുന്നതിനായി ആവശ്യമുള്ള ഉപകരണങ്ങളും വാഹനങ്ങളും ലഭ്യമാക്കുന്നതിനുള്ള സമഗ്രമായ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |
| ബി) | ഫയർ സ്റ്റേഷനുകൾ നവീകരിക്കുന്നത് സംബന്ധിച്ച് ചെങ്ങന്നൂർ മണ്ഡലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | ബി) | 2018 വർഷത്തിൽ ചെങ്ങന്നൂർ അഗ്നിരക്ഷാ നിലയത്തിലേയ്ക്ക് താഴെ പറയുന്ന രക്ഷാ ഉപകരണങ്ങൾ അനുവദിച്ചിട്ടുണ്ട്.<br>പോർട്ടബിൾ പമ്പ് - 1 എണ്ണം<br>ഗംബൂട്ട് - 38 എണ്ണം<br>റെയിൻകോട്ട് - 38 എണ്ണം<br>ഹെൽമെറ്റ് - 38 എണ്ണം<br>സെർച്ച് ലൈറ്റ് - 1 എണ്ണം<br>എൽ.ഇ.ഡി.ടോർച്ച് - 2 എണ്ണം<br>എമർജൻസി ലാമ്പ് - 3 എണ്ണം |
| സി) | ചെങ്ങന്നൂരിൽ ഫയർസ്റ്റേഷന് സ്ഥായിയായ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | സി) | ചെങ്ങന്നൂർ അഗ്നിരക്ഷാ നിലയത്തിന് ചെങ്ങന്നൂർ വില്ലേജിൽ ബ്ലോക്ക് 7 റീ സർവ്വേ നം.13/4 ൽപ്പെട്ട ഗവൺമെന്റ് ജെ.ബി. സ്കൂൾ പരിസരത്തുള്ള 30 സെന്റ് ഭൂമി അഗ്നിരക്ഷാ വകുപ്പിന് കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനായി വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തിയ അർത്ഥനാ പത്രം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ